വ്യാജ സി.ഡി.കളുടെ പ്രചരണം

8 (3744) ശ്രീ. ഡി. സുഗതൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) മലയാള ചലച്ചിത്രങ്ങളുടെ വ്യാജ സി.ഡി.കൾ വ്യാപകമായി പ്രചരിക്കുന്ന സംഗതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അതിൻമേൽ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) ഇത്തരം കുറ്റകൃത്യം ചെയ്യുന്നവരെ കർശനമായി ശിക്ഷിക്കുവാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) കോപ്പിറൈറ്റ് ആക്ട് പ്രകാരം കേസുകൾ രജിസ്റ്റർ ചെയ്തും, വ്യാജ സി.ഡി.യുടെ പ്രസാരം തടയുന്നതിന് വീഡിയോ സെന്ററുകളിൽ നിരന്തര റെയ്ഡുകൾ നടത്തിയും കുറ്റക്കാരെ കണ്ടെത്തി നിയമ നടപടികൾക്ക് വിധേയരാക്കിയും വരുന്നു.

സ്വാതന്ത്ര്യ സമര സേനാനികൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ

9 (3745) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇപ്പോൾ സംസ്ഥാനത്ത് എത്ര സ്വാതന്ത്ര്യയ സമര സേനാനികൾ ജീവിച്ചിരിപ്പുണ്ടെന്നും അതിൽ എത്രപേർക്ക് കേന്ദ്ര സംസ്ഥാന ഗവൺമെന്റുകളുടെ പെൻഷൻ ലഭിക്കുന്നുവെന്നും വ്യക്തമാക്കുന്ന സ്റ്റേറ്റുമെന്റ് ലഭ്യമാക്കുമോ ;

(ബി) സ്വാതന്ത്ര്യ സമര സേനാനികൾക്കും അവരുടെ ആശ്രിതർക്കും എന്തെല്ലാം ആനുകൂല്യങ്ങളാണ് ഗവൺമെന്റ് നൽകി വരുന്നത് ?

ഉത്തരം

(എ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ബി) സ്വാതന്ത്ര്യ സമര സേനാനികൾക്കും അവരുടെ അർഹരായ ആശ്രിതർക്കും താഴെപ്പറയുന്ന ആനുകൂല്യങ്ങൾ ഗവൺമെന്റ് അനുവദിച്ചിട്ടുണ്ട്.

1. പ്രതിമാസം സംസ്ഥാന പെൻഷനായി 3000 രൂപയും (മൂവായിരം) 6/2000 മുതൽ പെൻഷന്റെ 7% നിരക്കിൽ ഡി.എ.യും അനുവദിച്ചിട്ടുണ്ട്.
2. മരണമടയുന്ന സ്വാതന്ത്ര്യ സമരസേനാനിയുടെ മരണാനന്തര ചടങ്ങുകൾക്കായി 3000 രൂപ ധനസഹായം നൽകിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

3. കെ.എസ്.ആർ ടി.സി.യുടെ എല്ലാത്തരം ബസ്സുകളിലും സ്വാതന്ത്ര്യ സമരസേനാനികൾക്കും അവരുടെ വിധവകൾക്കും സൗജന്യ യാത്രാ സൗകര്യം അനുവദിച്ചിട്ടുണ്ട്.

4. സ്വാതന്ത്ര്യത്തിന്റെ സുവർണ്ണ ജൂബിലി വർഷം പ്രമാണിച്ച് സ്വാതന്ത്ര്യ സമര സേനാനികൾക്ക് സൗജന്യ ധനസഹായ ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

5. സ്വാതന്ത്ര്യ സമര സേനാനി പെൻഷൻ വാങ്ങുന്ന സ്വാതന്ത്ര്യസമര സേനാനികൾ ജീവിച്ചിരിക്കുമ്പോൾ അവർക്കും അവരുടെ ആശ്രിതരായ രക്ഷിതാക്കൾ, ഭാര്യ/ഭർത്താവ്, പ്രായപൂർത്തിയാകാത്ത മക്കൾ, അവിവാഹിതരായ പെൺമക്കൾ എന്നിവർക്കും സർക്കാർ ആശുപത്രികളിൽ സൗജന്യ ചികിത്സയ്ക്കോ ടി ചികിത്സയ്ക്ക് ചെലവായ തുക റീം ഇംബേഴ്സ് ചെയ്യുന്നതിനോ വ്യവസ്ഥയുണ്ട്.

എന്നാൽ പെൻഷൻ വാങ്ങിയിരുന്ന സ്വാതന്ത്ര്യസമര സേനാനി മരണമടയുന്ന സാഹചര്യത്തിൽ ടിയാളുടെ ഭാര്യയ്ക്ക്/ഭർത്താവിന് മാത്രമേ മേൽ ആനുകൂല്യത്തിന് വ്യവസ്ഥയുള്ളു. കൂടാതെ ശ്രീ ചിത്തിര തിരുനാൾ മെഡിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിലെ ചികിൽസയ്ക്ക് റീം ഇംബേഴ്സ്മെന്റ് ആനുകൂല്യം അനുവദിച്ചിട്ടുണ്ട്

6. സ്വാതന്ത്ര്യ സമര സേനാനികൾക്കും അവരുടെ വിധവകൾക്കും ഗാർഹിക വൈദ്യുതി കണക്ഷൻ സ്പെഷ്യൽ കാറ്റഗറിയിൽ കീഴിൽ ലഭിക്കുന്നതിന്,(Out of turn priority) അർഹതയുണ്ട്.

7. സ്വാതന്ത്ര്യ സമര സേനാനികൾക്കും അവരുടെ തുടർ: പെൻഷൻ ലഭിക്കുന്ന വിധവകൾക്കും NON OYT /sws വിഭാഗത്തിൽ കീഴിൽ സാങ്കേതിക സാദ്ധ്യതകൾക്ക് വിധേയമായി ഒരു ടെലിഫോൺ കണക്ഷൻ ലഭിക്കുന്നതിനും അർഹതയുണ്ട്.

8 സ്വാതന്ത്ര്യ സമര സേനാനികളുടെ മകൻ/മകൾക്ക് വയനാട്, വെറ്ററിനറി കോളേജിൽ B.V.Sc & AH കോഴ്സിന് ഒരു സീറ്റ് നീക്കിവച്ചിട്ടുണ്ട്.

ഖാദി-ഹിന്ദി പ്രചാരകർക്കുള്ള പെൻഷൻ പുനഃസ്ഥാപിക്കുവാൻ നടപടി

10 (3746) ശ്രീ. എം. മുരളി : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ

കഴിഞ്ഞ സർക്കാർ നിർത്തലാക്കിയ ഖാദി-ഹിന്ദി പ്രചാരകർക്കുള്ള പെൻഷൻ പുനഃസ്ഥാപിക്കുവാൻ വേണ്ട നടപടി സ്വീകരിക്കാമോ ?

ഉത്തരം

കഴിഞ്ഞ സർക്കാർ നിർത്തലാക്കിയ ഖാദി-ഹിന്ദി പ്രചാരകർക്കുള്ള പെൻഷൻ പുനഃസ്ഥാപിക്കുന്നത് സംബന്ധിച്ച് ഈ സർക്കാർ തീരുമാനമൊന്നും എടുത്തിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly